## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 38 — 06-01-2014-ന് മറുപടി നല്കേണ്ടത്

**മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷകൾ**

**ചോദ്യം**

ശ്രീ. സാജു പോൾ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. സി.കെ. സദാശിവൻ

ശ്രീമതി. പി. അയിഷാ പോറ്റി

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; ഭരണ നടപടികളിൽ സുതാര്യത ഉറപ്പാക്കുന്നതിനും അഴിമതി സംബന്ധിച്ച വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനും കഴിയുന്നുണ്ടെന്ന് വിലയിരുത്താറുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഫുൾ കമ്മീഷൻ യോഗം എല്ലാ മാസങ്ങളിലുംകൂടുകയും കമ്മീഷന്റെ പ്രവർത്തനം അവലോകനം ചെയ്യുകയും ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. വിവരാവകാശ നിയമം ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാലും സംസ്ഥാന വിവരാവകാശ കമ്മീഷന്റെ മികവുറ്റ പ്രവർത്തനങ്ങൾ വഴിയും ഭരണ രംഗത്ത് സുതാര്യത വലിയൊരളവിൽ കൊണ്ടുവരുന്നതിനും അഴിമതി തടയുന്നതിനും സഹായകമാകുന്നുണ്ടെന്ന് പൊതുവെ വിലയിരുത്തുന്നു. |
| (ബി) | വിവരാവകാശ നിയമത്തെ ദുർവ്യാഖ്യാനം ചെയ്ത് നീതി നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കമ്മീഷനിൽ ലഭിക്കുന്ന ഇത്തരത്തിലുള്ള പരാതികൾ പരിശോധിച്ച് വിവരാവകാശ നിയമം അനുസരിച്ച്, ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്. |
| (സി) | മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിച്ചു; മറുപടി നൽകിയത് എത്ര; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | 901 പരാതികൾ ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷയിൽ നിയമാനുസൃതം വിവരംനൽകേണ്ട അപേക്ഷകൾക്കെല്ലാം സമയബന്ധിതമായി വിവരം നൽകുകയും അല്ലാത്തവയെ സംബന്ധിച്ച് അപേക്ഷകന് അറിയിപ്പു നൽകുകയും ചെയ്തിട്ടുണ്ട്. മറ്റു ഓഫീസുകളിൽനിന്നും വിവരം നൽകേണ്ട അപേക്ഷകൾ യഥാസമയം മറുപടി നൽകുന്നതിനായി ബന്ധപ്പെട്ട ഓഫീസുകൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്. |
| (ഇ) | വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം യഥാസമയം മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ലഭിക്കാത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഉണ്ട്. ഇത്തരം പരാതികൾ മറ്റു ഓഫീസുകളിൽ നിന്ന് വിവരം നൽകേണ്ടവ ആയതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ മറുപടി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ജനസമ്പർക്ക പരിപാടിയുടെ പേരിൽ ലഭിച്ച യു.എൻ.അവാർഡ് സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിന് വിവരാവകാശ നിയമപ്രകാരമുള്ള എത്ര അപേക്ഷകൾ ലഭിച്ചു; നൽകിയ മറുപടി സഹിതം വിശദമാക്കുമോ? | (എഫ്) | 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയ്ക്ക് നൽകിയിട്ടുള്ള മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ